തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**

വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

## സംഗ്രഹം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - ഭരണനിർവഹണം - ഡോ. പ്രജിത് ചന്ദ്രനെ സർവകലാശാലാ രജിസ്ട്രാർ ആയി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഭരണവിഭാഗം

**നമ്പർ: 924/2021/എ1/അഡ്മിൻ.(വോള്യം 2)** **തിരൂർ: തീയതി, 28.02.2023**

---

പരാമർശം:- 1) 28.12.2022 ലെ 924/2020/എ1/അഡ്മിൻ.(വോള്യം 2) നമ്പർ സർവകലാശാലാ വിജ്ഞാപനം.

2) 14.02.2023 ന് നടന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ്.

3) 22.02.2023 ന് നടന്ന നിർവാഹകസമിതിയുടെ അമ്പത്തിയൊമ്പതാമത് യോഗത്തിന്റെ അജണ്ട ഇനം. നമ്പർ 2023.10

4) വൈസ് ചാൻസലറുടെ 22.02.2023 ലെ ഉത്തരവ്.

5) 25.02.2023 ലെ 261/2023/HEDN നമ്പർ സർക്കാർ ഉത്തരവ്.

6) 27.02.2023 ലെ ഗവ. കോളേജ്, മലപ്പുറം പ്രിൻസിപ്പലിന്റെ B1/46/2021/GCMPM Malappuram നമ്പർ ഉത്തരവ്.

7) ഡോ. പ്രജിത് ചന്ദ്രന്റെ 28.02.2023 ലെ പ്രവേശന റിപ്പോർട്ട്.

8) വൈസ് ചാൻസലറുടെ 28.02.2023 ലെ ഉത്തരവ്.

## ഉത്തരവ്

മേൽ പരാമർശം (1) പ്രകാരം സർവകലാശാല രജിസ്ട്രാർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും പരാമർശം (2) പ്രകാരം റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. പരാമർശം (3) പ്രകാരം 2023 ഫെബ്രുവരി 22 ന് ചേർന്ന നിർവാഹക സമിതിയുടെ അമ്പത്തിയൊമ്പതാമത് യോഗം റാങ്ക് പട്ടികയിൽ ഒന്നാം സ്ഥാനക്കാരനായ ഡോ. പ്രജിത് ചന്ദ്രനെ (കൊണ്ടാം വളപ്പിൽ ഹൗസ്, തെയ്യങ്ങാട് (പി.ഒ.), പൊന്നാനി, മലപ്പുറം - 679 577) തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയുടെ രജിസ്ട്രാറായി സർവകലാശാലാ നിയമം 2013 ലെ വകുപ്പ് 32 (6), (7) (2019 ലെ 15-ാം ആക്ട്), ആദ്യ സ്റ്റാറ്റ്യൂട്ട്സ് 2019 അദ്ധ്യായം 2 ലെ സ്റ്റാറ്റ്യൂട്ട്, 20 ലേയും വ്യവസ്ഥകൾക്ക് വിധേയമായി അന്യത്ര സേവനത്തിൽ നാല് വർഷക്കാലയളവിലേക്കോ 56 വയസ്സ് തികയുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ നിയമിക്കുവാൻ ഐക്യകണ്ഠേന തീരുമാനിക്കുകയും, തീരുമാനം നടപ്പിൽ വരുത്തി നിയമനോത്തരവ് നൽകാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2) പരാമർശം (4) പ്രകാരം നിർവാഹകസമിതിയുടെ തീരുമാനം നടപ്പിലാക്കി വൈസ് ചാൻസലർ ഉത്തരവിട്ടിട്ടുണ്ട്.

3) പരാമർശം (5) പ്രകാരം മലപ്പുറം ഗവ. കോളേജിൽ അസോസിയേറ്റ് പ്രൊഫസറായ ഡോ. പ്രജിത് ചന്ദ്രനെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയിൽ രജിസ്ട്രാർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

*(തുടർച്ച.......2)*

4) പരാമർശം (6) പ്രകാരം ഡോ. പ്രജിത് ചന്ദ്രനെ അദ്ദേഹം അസോസിയേറ്റ് പ്രൊഫസറായി ജോലി ചെയ്യുന്ന മലപ്പുറം ഗവ. കോളേജിൽ നിന്ന് 27.02.2023 അപരാഹ്നം മുതൽ വിടുതൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5) പരാമർശം (7) പ്രകാരം ഡോ. പ്രജിത് ചന്ദ്രൻ (കൊണ്ടാം വളപ്പിൽ ഹൗസ്, തെയ്യങ്ങാട് (പി.ഒ.), പൊന്നാനി, മലപ്പുറം - 679 577) 28.02.2023 ന് പൂർവാഹ്നത്തിൽ രജിസ്ട്രാർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി വൈസ് ചാൻസലർ മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) ആകയാൽ ഡോ. പ്രജിത് ചന്ദ്രനെ (കൊണ്ടാം വളപ്പിൽ ഹൗസ്, തെയ്യങ്ങാട് (പി.ഒ.), പൊന്നാനി, മലപ്പുറം - 679 577) മലയാളസർവകലാശാല നിയമം, സ്റ്റാറ്റ്യൂട്ട് എന്നിവയിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മലയാളസർവ്വകലാശാലയിൽ രജിസ്ട്രാർ തസ്തികയിൽ 28.02.2023 പൂർവാഹ്നം മുതൽ അന്യത്ര സേവനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

7) മേൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. വി. അനിൽകുമാർ
വൈസ് ചാൻസലർ

1. ഡോ. പ്രജിത് ചന്ദ്രൻ, കൊണ്ടാം വളപ്പിൽ ഹൗസ്, തെയ്യങ്ങാട് (പി.ഒ.), പൊന്നാനി, മലപ്പുറം-679 577
2. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്, തിരുവനന്തപുരം
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
4. പ്രിൻസിപ്പൽ, ഗവ. കോളേജ്, മലപ്പുറം

പകർപ്പ്:

വി.സി. കാര്യാലയം/രജിസ്ട്രാർ കാര്യാലയം/
പരീക്ഷാ കൺട്രോളർ/ഫിനാൻസ് വിഭാഗം/അക്കൗണ്ട്സ് വിഭാഗം/
ജെ.ഡി.എൽ.എഫ്.എ./പി.ആർ.ഒ/വെബ്സൈറ്റ്/ലൈബ്രറി/
ആഫീസ് രേഖ/കരുതൽ രേഖ